പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4402 | 27/06/2013 ൽ മറുപടിയ്ക്ക്

# റീസർവ്വെ - ഭൂരേഖാ വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - II തസ്തികയിലെ നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സർവ്വെ–ഭൂരേഖാ വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്–II ന്റെ അനുവദനീയമായ തസ്തികകൾ എത്ര; ഇപ്പോൾ ആകെ എത്ര പേർ ഈ തസ്തികയിൽ ജോലി ചെയ്യുന്നു എന്നും ഒഴിവുകൾ എത്ര യെന്നും വ്യക്തമാക്കുമോ ; | (എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്–II ന്റെ 433 അനുവദനീയമായ തസ്തികകൾ ഉണ്ട്. നിലവിൽ 277 പേർ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്–II തസ്തികയിൽ ജോലി ചെയ്യുന്നു. 156 ഒഴിവുകൾ ഉണ്ട്. |
| (ബി) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് –II തസ്തികയിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് പട്ടികയിൽ അഡ്വൈസ് ചെയ്ത എത്രപേർ ഇതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്നും ഈ ഒഴിവുകൾ പി.എസ്.സി.യ്ക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ടോയെന്നും–മറിയിക്കുമോ; | (ബി) 85 പേർ ഇതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. ഈ ഒഴിവുകൾ എൻ.ജെ.ഡി. ആയി റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) സർവ്വേയർ ഗ്രേഡ്–II ഡ്രാഫ്റ്റ്സ് മാൻ ഗ്രേഡ്–II എന്നിവ തമ്മിലുള്ള അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ, എത്രയെന്ന് വ്യക്തമാക്കുമോ; നിലവിൽ അതനുസരിച്ചുള്ള തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ആനുപാതികമായി തസ്തിക സൃഷ്ടിക്കുമോ; വിശദമാക്കുമോ? | (സി) സർവ്വേയർ ഗ്രേഡ്–II ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്–II എന്നിവ തമ്മിലുള്ള അനുപാതം നിലവിലില്ല. |

സെക്ഷൻ ഓഫീസർ